# വിശപ്പിന്റെ രുചി

• ഹുസൈബ് വടുതല

അറേബ്യയിലെ നീതിമാനായ ഭരണാധികാരികളിലൊരാളായിരുന്നു ഉമറുബ്നു അബ്ദിൽ അസീസ്. ലളിതജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. തന്റെ ബന്ധുക്കളും അങ്ങനെയാവണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അങ്ങനെയിരിക്കേ, ഒരുദിവസം അദ്ദേഹം ബന്ധുക്കൾക്കായി ഒരു സദ്യയൊരുക്കി. താൻ എത്ര ധൃതി കാണിച്ചാലും ഭക്ഷണം വളരെ സാവധാനം ഉണ്ടാക്കിയാൽ മതിയെന്ന് ഖലീഫ പാചകക്കാരനെ ശട്ടംകെട്ടിയിട്ടുണ്ടായിരുന്നു. ഏറെനേരമായിട്ടും ഭക്ഷണം



▸▸ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ആസ്ഥാനം– ഡൽഹി

## കേരളത്തിലെ ആദ്യ തപാൽ

1790-ൽ തിരുവിതാംകൂറിലാണ് കേരളത്തിൽ ആദ്യമായി അഞ്ചൽ (തപാൽ വകുപ്പ്) നിലവിൽവന്നത്. സർക്കാറിനുള്ള കത്തുകൾ, കൊട്ടാരത്തിലേക്കുള്ള സാമഗ്രികൾ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ പൂജക്കുള്ള പൂവുകൾ എന്നിവയായിരുന്നു ആദ്യം ഇവിടെ കൈകാര്യം ചെയ്തിരുന്നത്. നാട്ടുകാരുടെ കത്തുകൾ ഇവിടെ വിതരണം ചെയ്തു തുടങ്ങിയത് 1860 മുതലാണ്. 1870-ലാണ് കത്തുകൾ കടലാസിൽ എഴുതാമെന്ന് തീരുമാനമുണ്ടായത്. 1951-ൽ അഞ്ചൽ വിഭാഗം ഇന്ത്യൻ തപാലിന്റെ ഭാഗമായി മാറി.



കിട്ടാതെവന്നപ്പോൾ വിശന്നുപൊരിഞ്ഞ ബന്ധുക്കൾ ഭക്ഷണമാകാത്തതെന്താണെന്ന് ചോദിക്കാൻ തുടങ്ങി. അപ്പോൾ ഖലീഫ പാചകക്കാരനോട് ഭക്ഷണം വേഗം തയ്യാറാക്കാത്തതെന്താണെന്നു പറഞ്ഞ് ശകാരിച്ചുകൊണ്ടിരുന്നു. പാചകക്കാരൻ ഖലീഫ പറഞ്ഞത് കാര്യമാക്കാതെ സാവധാനം ഭക്ഷണം പാകംചെയ്തതേയുള്ളൂ.

കുറച്ചുകഴിഞ്ഞപ്പോൾ ഖലീഫ വിരുന്നുകാരോട് പറഞ്ഞു:

“ഇവിടെ കുറച്ച് ഗോതമ്പുകഞ്ഞിയുണ്ട്. വല്ലാതെ വിശപ്പുള്ളവർക്ക് അത് കഴിക്കാം. അപ്പോഴേക്കും സദ്യയാവുകയും ചെയ്യും. എന്തുചെയ്യാം, നമ്മുടെ പാചകക്കാരൻ വേണ്ടത്ര ശുഷ്കാന്തി കാണിച്ചില്ല.”

കഞ്ഞി കൊണ്ടുവരേണ്ട താമസം, എല്ലാവരും ആർത്തിയോടെ കഞ്ഞി കുടിക്കാൻ തുടങ്ങി. ഇതിനുമുമ്പ് അവരാരും ഗോതമ്പ് കഞ്ഞി കുടിച്ചിട്ടേയുണ്ടായിരുന്നില്ല.

കുറച്ചുകഴിഞ്ഞപ്പോൾ പാചകക്കാരൻ വിശിഷ്ടവിഭവങ്ങളുമായി വന്നു. പക്ഷേ, അതാർക്കും ആവശ്യമുണ്ടായിരുന്നില്ല. തന്ത്രം ഫലിച്ചതറിഞ്ഞ് ഖലീഫ പുഞ്ചിരിയോടെ ചോദിച്ചു: “ആരും കഴിക്കുന്നില്ലേ?”

സുഖസമൃദ്ധിയിൽ ജീവിച്ചുകൊണ്ടിരുന്ന തന്റെ ബന്ധുക്കളെ വിശപ്പിന്റെ രുചി അറിയിച്ചുകൊടുക്കാൻ വേണ്ടിയായിരുന്നു ഖലീഫ അങ്ങനെ ഒരു രംഗമൊരുക്കിയത്.

✦

▸▸ ചെമ്പ്, സിങ്ക് എന്നിവ ചേർത്താണ് പിച്ചള നിർമ്മിക്കുന്നത്